# പതിമൂന്നാം കേരള നിയമസഭ
# (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1891** **16/02/2016-ൽ മറുപടിയ്ക്ക്**

**അക്വേറിയങ്ങൾ സ്ഥാപിക്കുവാൻ നടപടി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ടി.എൻ.പ്രതാപൻ:<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:<br>ശ്രീ. വി.പി.സജീന്ദ്രൻ:<br>ശ്രീ. എം.പി.വിൻസന്റ് : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| എ) സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിൽ വിനോദ സഞ്ചാരികളെ കൂടുതലായി ആകർഷിക്കുന്നതിനായി ഫിഷറീസ് വകുപ്പിന്റെ മേൽനോട്ടത്തിൽ അക്വേറിയങ്ങൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ; | എ) പാലക്കാട് ജില്ലയിൽ ടൂറിസ്റ്റ് കേന്ദ്രമായ മലമ്പുഴയിൽ ഫിഷറീസ് വകുപ്പിന് കീഴിൽ നിലവിൽ മത്സ്യാകൃതിയിലുള്ള ഒരു അക്വേറിയം പ്രവർത്തിക്കുന്നുണ്ട് അതിനു പുറമെ 338 ലക്ഷം രൂപ ചെലവഴിച്ച് 10000 സ്ക്വയർ ഫീറ്റിൽ ഒരു അക്വേറിയം കോംപ്ലക്സ് പ്രവർത്തനത്തിന് സജ്ജമായിട്ടുണ്ട് ശുദ്ധജല മത്സ്യങ്ങൾക്കു പുറമെ ഓരുജല ,സമുദ്രജല അലങ്കാരമത്സ്യങ്ങളെ കൂടി പ്രദർശിപ്പിക്കുന്നതിന് സൗകര്യമൊരുക്കിയിട്ടുണ്ട്<br><br>കാരാപ്പുഴ മെഗാ ടൂറിസം പദ്ധതിയുടെ ഭാഗമായി **രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ** ഉൾപ്പെടുത്തി വയനാട് ജില്ലയിലെ കാരാപ്പുഴയിൽ ഓർണമെന്റൽ ഫിഷറീസ് കോംപ്ലക്സ് സ്ഥാപിക്കുന്നതിന് ഭരണാനുമതി **നല്കിയിട്ടുണ്ട്** ഹാർബർ എഞ്ചിനിയറിംഗ് വകുപ്പ് മുഖേന അക്വേറിയ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട് കുഴൽ കിണർ ,ഇലക്ട്രിസിറ്റി, പ്ലംബ്ലിംഗ് വർക്കുകൾ പൂർത്തീകരിക്കുകയും ജനറേറ്റർ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട് ഇനി KAVIL മുഖേന അക്വേറിയം ടാങ്കും അനുബന്ധ സാമഗ്രികളും ക്രമീകരിച്ചു കഴിഞ്ഞാൽ അക്വേറിയം വിനോദ സഞ്ചാരികൾക്ക് തുറന്നുകൊടുക്കാവുന്നതാണ്. ഇതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നു കൊണ്ടിരിക്കുന്നു.<br><br>സംസ്ഥാനത്തെ പ്രധാന ടൂറിസം കേന്ദ്രമായ വർക്കലയിൽ അഡാക്കിന്റെ ഓടയം ഹാച്ചറി കോമ്പൗണ്ടിൽ വിനോദസഞ്ചാരികളെ കൂടുതൽ ആകർഷിക്കുന്നതിലേക്കായി അക്വോറിയം കോംപ്ലക്സ് കം ട്രെയിനിംഗ് സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. മത്സ്യഫെഡിന്റെ നിയന്ത്രണത്തിൽ കൊല്ലം ജില്ലയിലെ തെന്മലയിൽ പബ്ലിക് അക്വേറിയം |

നിലവിൽ **ഉണ്ട്** കൂടാതെ വൈക്കം കോട്ടയം എന്നിവിടങ്ങളിൽ നഗരസഭയുമായി സഹകരിച്ചും പബ്ലിക് അക്വേറിയങ്ങൾ പ്രവർത്തിക്കുന്നു**ണ്ട്**

| | | | |
|---|---|---|---|
| ബി) | പ്രസ്തുത അക്വേറിയങ്ങളിൽ അലങ്കാര മത്സ്യങ്ങൾക്കു പുറമെ നാടൻ മത്സ്യയിനങ്ങളെ കൂടി ഉൾപ്പെടുത്തി അവയുടെ ഗുണഗണങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുവാൻ നടപടി സ്വീകരിക്കുമോ; | ബി) | അഡാക്കിന്റെ വർക്കലയിലുള്ള ഓടയത്തെ ഹാച്ചറി കോമ്പൗ**ണ്ടിൽ** സ്ഥാപിച്ചു വരുന്ന അക്വേറിയം കോംപ്ലക്സിൽ നാടൻ മത്സ്യങ്ങളെ പ്രദർശിപ്പിക്കുന്നതിനും ട്രെയിനിംഗ് സെന്റർ മുഖേന അവയുടെ ഗുണഗണങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു**ണ്ട്** അഡാക്കിന്റെ നെയ്യാർഡാം അക്വേറിയത്തിൽ നാടൻ മത്സ്യങ്ങൾക്ക് വിപുലമായ സൗകര്യങ്ങൾ ഒരുക്കിയിട്ടു**ണ്ട്** നാടൻ മത്സ്യങ്ങളായ മിസ്കേരള, കരിമീൻ, ആറ്റുകൊഞ്ച്, നെടുമീൻ തുടങ്ങിയവ പ്രദർശിപ്പിച്ചു വരുന്നു. |
| സി) | നിലവിൽ ഫിഷറീസ് വകുപ്പിന് ഏതൊക്കെ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ അക്വേറിയങ്ങൾ **ഉണ്ട്**? | സി) | ഫിഷറീസ് വകുപ്പിന്റെയും അനുബന്ധ ഏജൻസികളുടെയും കീഴിൽ പാലക്കാട് ജില്ലയിലെ മലമ്പുഴ, തിരുവനന്തപുരം ജില്ലയിലെ നെയ്യാർഡാം, കൊല്ലം ജില്ലയിലെ തെന്മല, കോട്ടയം, വൈക്കം, എന്നിവിടങ്ങളിൽ അക്വേറിയങ്ങൾ പ്രവർത്തിച്ചുവരുന്നു. |

**സെക്ഷൻ ആഫീസർ**